അദ്ധ്യാപകരുടെ പരിശീലന പരിപാടിയുടെ അവലോകനം

18 (3764) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപകരുടെ കാര്യശേഷി വികസനത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പരിശീലന പരിപാടിയുടെ കാര്യക്ഷമതയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം സംസ്ഥാനത്തെ എത്ര അദ്ധ്യാപകർ ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് പൊതുവേ എന്തൊക്കെ പോരായ്മകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(ഡി) എല്ലാ വിഭാഗം അദ്ധ്യാപക സംഘടനകളുടെയും പൂർണ്ണ സഹകരണത്തോടെ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ 39525 പേർ ഈ വർഷം അദ്ധ്യാപക പരിശീലനത്തിന് പങ്കെടുക്കുകയുണ്ടായി. ഈ വർഷത്തെ അവധിക്കാല പരിശീലനത്തിൽ എൽ.പി./യു.പി. വിഭാഗത്തിലെ 140355 അദ്ധ്യാപകർ പങ്കെടുത്തിരുന്നു. അദ്ധ്യാപക ശാക്തീകരണ പരിപാടിയിൽ 2008-09 വർഷം 1100 വൊക്കേഷണൽ അദ്ധ്യാപകർക്കും 2519 നോൺ വൊക്കേഷണൽ അദ്ധ്യാപകർക്കും പരിശീലനം നൽകുകയുണ്ടായി. ഹയർ സെക്കണ്ടറിയിലെ മുഴുവൻ അദ്ധ്യാപകരും പരിശീലന പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിനുള്ള പരിശീലനമാണ് എസ്.സി.ഇ.ആർ.ടി. നടത്തുന്നത്. പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലകളിലായി 290 റിസോഴ്സ് അധ്യാപകർക്കാണ് പരിശീലനം നൽകിയിട്ടുള്ളത്.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് കേന്ദ്ര പദ്ധതി നിഷ്കർഷിച്ചിട്ടുള്ളതും എസ്.സി.ഇ.ആർ.ടി.യുടെ ഭാഗമായി പ്രവർത്തിക്കേണ്ടതുമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഡയറക്ടറേറ്റിന് പരിമിതമായ സ്റ്റാഫ് സൗകര്യത്തിൽ ഇവ ഫലപ്രദമായി മോണിറ്റർ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. സാധ്യായദിനത്തിൽ പരിശീലനം നൽകുന്നത് കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പഠനത്തെ ബാധിക്കും. ഒരു ദിവസം എല്ലാ ക്ലാസ്സുകളിലെയും എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിന് വൻതോതിൽ റിസോഴ്സ് പേഴ്സൺസിനെ ആവശ്യമുണ്ട്. പുതിയ സമീപനത്തിലേയ്ക്ക് മാറാനും അതിനനുസൃതമായി ക്ലാസ്സുകൾ കൈകാര്യം ചെയ്യാനും പരിശീലനം ലഭിച്ച അദ്ധ്യാപകർക്ക് പ്രയാസം ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ മോണിറ്ററിംഗ് ആവശ്യമാണ്. പരിശീലനം ലഭിച്ച അദ്ധ്യാപകർ, പരിശീലനത്തിലൂടെ ലഭിച്ച പുതിയ അറിവുകൾ ക്ലാസ്സിൽ പ്രയോഗിക്കുന്നു എന്നുറപ്പാക്കാൻ തൽസമയ പിന്തുണ (ഒ.എസ്.എസ്) സംവിധാനം എല്ലാ തലത്തിലും (എച്ച്.എസ്, എച്ച്. എസ്.എസ്. തലത്തിലുൾപ്പെടെ) ഉണ്ടാകണം. നിലവിൽ ഇത് പ്രൈമറി തലത്തിൽ മാത്രമാണുള്ളത്. പരിശീലനം നേടിയ അദ്ധ്യാപകർ മാത്രം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുവെന്നും അത് പരിശീലനം ലഭിച്ച രീതിയിൽ തന്നെ യാണെന്നുറപ്പിക്കാനുമുള്ള സംവിധാനം നിലവിലില്ല.

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2010-11 അദ്ധ്യയന വർഷത്തെ പരിശീലന പരിപാടി എല്ലാ അദ്ധ്യാപക സംഘടനകളുടേയും പൂർണ്ണ സഹകരണത്തോടെ നടത്തുവാനുള്ള നടപടികൾ തുടർന്നു വരുന്നു. അദ്ധ്യാപക സംഘടനകളുമായി കൂടിയാലോചിച്ചതിനുശേഷമാണ് ഹയർ സെക്കണ്ടറി തലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. സ്കൂൾ തലത്തിലെ എല്ലാ വിഭാഗം അദ്ധ്യാപക സംഘടനകളുടെയും പൂർണ്ണ സഹകരണം പരിശീലന പരിപാടിക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. അവധിക്കാലത്ത് കൂടുതൽ ദിവസത്തെ പരിശീലനം നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. അതിൻ പ്രകാരം പ്രൈമറി വിഭാഗത്തിൽ ഈ വർഷം പത്തു ദിവസത്തെ പരിശീലനം നടത്തുകയുണ്ടായി. ഇന്റർനെറ്റ് സംവിധാനം, ബ്ലോഗ്, വിക്ടേഴ്സ് ചാനൽ എന്നിവ പ്രയോജനപ്പെടുത്തി വിദൂര വിദ്യാഭ്യാസ രീതിയിലുള്ള പരിശീലന സാധ്യത ആലോചിക്കുന്നുണ്ട്. മികച്ച ക്ലാസ്സുകളുടെ വീഡിയോ സി.ഡി.കൾ അധ്യാപകർക്കു ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. എല്ലാ വിഭാഗത്തിലും (എച്ച്.എസ്., എച്ച്.എസ്.എസ്.) സ്ഥിരം പരിശീലകരെ നിയോഗിച്ച് തൽസ്ഥല പിന്തുണയും പരിശീലനവും കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ

19 (3765) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ നിയമത്തിൽ എന്തൊക്കെ പുതിയ പരിഷ്കാരങ്ങൾക്കാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly